POLICE DEPARTMENT

KERALA

**No. G2(a)-86544/2021/P**
District Police Office,
Palakkad
spplkd.pol@kerala.gov.in
04912536700
Dated. 10-08-2022

**പുനർ ലേല പരസ്യം**

പാലക്കാട് ജില്ലയിലെ ഹേമാംബിക നഗർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പോലീസ് ക്വാർട്ടേഴ്‌സ് കെട്ടിടം I A & II B ലേലം ചെയ്തു പൊളിച്ചു നീക്കുന്നതിനായി 31.08.2022 തിയതി രാവിലെ 11 മണിക്ക് ഹേമാംബിക നഗർ പോലീസ് സ്റ്റേഷൻ പരിസരത്തുവെച്ചു ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

**നിബന്ധനകൾ**

1 . ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യമായ 1000 /- രൂപ (ആയിരം രൂപ മാത്രം) കെട്ടിവെക്കേണ്ടതും, അവരുടെ തിരിച്ചറിയൽ രേഖകളും ലേലം തുടങ്ങുന്നതിനു മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതുമാണ് . കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരതദ്രവ്യമായ സംഖ്യ അടച്ചതിന്റെ ഡിമാൻ ഡ്രാഫ്റ്റ് പാലക്കാട് ജില്ലാ പോലീസ് ഓഫീസിൽ സമർപ്പിക്കാവുന്നതാണ് . ദർഘാസ് അടങ്ങിയ കവറിനു പുറത്തു "പോലീസ് ഡിപ്പാർട്മെൻറ് വക ക്വാർട്ടേഴ്‌സ് ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ് " എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് . ദർഘാസുകൾ നല്കിയിട്ടുള്ളവർ ലേല സ്ഥലത്തു കൃത്യ സമയത്തു ഹാജറാകേണ്ടതാണ് . പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താത്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതി സംഖ്യ ലേല ദിവസം തന്നെ അടച്ചു രശീതി കൈപ്പറ്റേണ്ടതാണ് . ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലത്തുകയുടെ ബാക്കിയും നിലവിലുള്ള നികുതിയും (18 % GST) ഉൾപ്പെടെ അടച്ചു രസീതി കൈപ്പറ്റേണ്ടതാണ് .

2. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം (ലേലം കൊണ്ടയാളുടേതൊഴികെ) ലേലം കഴിഞ്ഞയുടനെ തന്നെ തിരിച്ചു നൽകുന്നതാണ് .

3. ലേലം കൊണ്ടായാൾ ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ബാക്കി തുക അടച്ചു പത്തു ദിവസത്തിനകം കെട്ടിടങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പൊളിച്ചു മാറ്റി സാധനസാമഗ്രികൾ പ്രസ്തുത സ്ഥലത്തുനിന്നും പൂർണമായി നീക്കം ചെയ്യേണ്ടതാണ് .

4. ലേലം കൊണ്ടായാൾ മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം പുനർ ലേലം നടത്തുന്നതും പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുന്ന പക്ഷം പ്രസ്തുത നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. പുനർ ലേലത്തിൽ അധിക തുക ലഭിക്കുകയാണെങ്കിൽ ആയതിനു മുൻ ലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

5. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടുകൂടി പ്രവൃത്തി ദിവസങ്ങളിൽ ലേലം വിളിക്കപ്പെടുന്ന കെട്ടിടം നേരിട്ട് കാണാവുന്നതാണ് .



VISWANADH R IPS
District Police Chief

| | | |
|---|---|---|
| To | : | എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കമാണ്ടൻറ് മാർക്കും വ്യാപകമായി പരസ്യം നൽകുന്നതിന് . |
| Copy To | : | 1. ബോർഡ് മെമ്പർമാർക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി. 2. ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിനും വ്യാപക പരസ്യം ചെയ്യുന്നതിനുമായി. 3. കാഷ്യർ ഡി പി ഓ - നിരത ദ്രവ്യം സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കും . |